**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 294** **23-08-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കട**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സേവനം എവിടെയൊക്കെ ലഭ്യമാണെന്ന് അറിയിക്കാമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ വകുപ്പ് 30 ന്റെ അടിസ്ഥാനത്തിൽ ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് വാഹനങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് '**സഞ്ചരിക്കുന്ന റേഷൻകട**'. വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽ നിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുക എന്നതാണ് പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ടി പദ്ധതിക്ക് അർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമതയോടെ റേഷൻ വിതരണം നടത്തി വരുന്നു. 2017 – ൽ തൃശ്ശൂരിൽ ആരംഭിച്ച പ്രസ്തുത പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ 19 താലൂക്കുകളിലായി നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഓരോ ജില്ലയിലേയും ആവശ്യകത പരിഗണിച്ച് ജില്ലാ സപ്ലൈ ഓഫീസർമാർ ലഭ്യമാക്കുന്ന ശുപാർശകൾ പരിശോധിച്ച് ടി പദ്ധതിയ്ക്കുള്ള അനുമതി നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ എത്ര റേഷൻ കടകൾ പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്നുണ്ട്; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ? | (ബി) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ എല്ലാ പ്രദേശത്തും റേഷൻ കടകൾ പ്രവർത്തിക്കുന്നതിനാൽ 'സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി'യുടെ ആവശ്യകത നിലവിലില്ല. |

സെക്ഷൻ ഓഫീസർ